**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1418** **12-02-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്ഥിര നിയമനം ലഭിച്ചിട്ടും നിരവധി എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ദിവസവേതനം മാത്രമാണ് ലഭിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം, ഭിന്നശേഷി സംവരണനിയമം നടപ്പാക്കുന്നതുവരെ 8.11.2021 ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനങ്ങൾ നടത്താവൂ. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരം ഒഴിവുകളിലാണെങ്കിലും ഇപ്രകാരം നിയമിക്കപ്പെടുന്ന അധ്യാപകർക്ക് ദിവസവേതനം മാത്രമാണ് നൽകി വരുന്നത്. |
| (ബി) | ഭിന്നശേഷി നിയമനം ത്വരിതപ്പെടുത്തി എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സ്ഥിരനിയമന നടപടിക്രമം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ബഹു. സുപ്രീംകോടതിയുടേയും ഹൈക്കോടതിയുടേയും നിർദ്ദേശപ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഭിന്നശേഷി സംവരണനിയമം പൂർണമായും പാലിച്ചിട്ടുള്ള എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ നിയമനം സ്ഥിരപ്പെടുത്തുന്ന നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ